**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2958** **07-10-2025 - ൽ മറുപടിയ്ക്ക്**

**പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ പോഷകാഹാരക്കുറവ് മൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ വിഭാഗക്കാരിൽ പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തുന്നതിന് പ്രത്യേകമായി പഠനങ്ങളൊന്നും പട്ടികവർഗ വികസന വകുപ്പ് മുഖേന നടത്തിയിട്ടില്ല. എന്നാൽ പട്ടികവർഗ വികസന വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ ക്യാമ്പുകൾ നടത്തുമ്പോൾ പട്ടികവർഗക്കാർക്കിടയിൽ പോഷകമൂല്യങ്ങൾ കുറവുള്ളതായും ആയതിന്റെ ഫലമായി ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായും കണ്ടെത്തുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ആയത് പരിഹരിക്കുന്നതിലേക്ക് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.** |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പ്രത്യേക കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | **ഭക്ഷണത്തിലുള്ള പോഷകമൂല്യങ്ങൾ കുറയുന്നത് തടയാൻ വകുപ്പിന്റെ വിവിധ പ്രോജക്ട്/പട്ടികവർഗ വികസന ഓഫീസുകൾ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭക്ഷ്യസഹായ പദ്ധതി പ്രകാരം സെറ്റിൽമെന്റിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുകയും ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഉണ്ടാകുന്ന അപപോഷണം പരിഹരിക്കുന്നതിനായി ജനനി-ജന്മരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ച് വരികയും ചെയ്യുന്നുണ്ട്.**<br><br>**കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ സെറ്റിൽമെന്റുകളിൽ നൽകി വരുന്നുണ്ട്. പരിശോധനകളിൽ അപപോഷണം നേരിടുന്നവരിൽ ഡോക്ടർ** |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചുനൽകുന്നു. വനിതാ ശിശു വികസന വകുപ്പ് മുഖേന 6 വയസിന് താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യവസ്തുക്കൾ നൽകി വരുന്നുണ്ട്.<br><br>ഇത്തരത്തിലുള്ള ആരോഗ്യ പോഷക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ പട്ടികവർഗ വികസന വകുപ്പിൽ നിയമിച്ചിരിക്കുന്ന ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റിന്റെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ